*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ നവംബർ 11, 2003**

## സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 22B

**ആഗസ്റ്റ് 2003**

## വിദ്യയുടെ രഹസ്യം

അപ്പോൾ ഞാൻ പറഞ്ഞു, "ഭാഗവതത്തിൽ പ്രഹ്ലാദൻ എന്നൊരു കഥാപാത്രമുണ്ടല്ലോ. ഈ ബാലനായ പ്രഹ്ലാദൻ തന്റെ പിതാവിനോടു പറഞ്ഞു, 'അല്ലയോ പിതാവേ, എനിക്ക്



സകല അറിവുകളുടെയും മർമ്മം(സംസ്കൃതത്തിൽ, മർമ്മം എന്നാൽ രഹസ്യം)അറിയാം."

ബാബ എന്റെ കഴുത്തിനു പിടിയിട്ടു! അവിടുന്ന് ആരാഞ്ഞു, "മർമ്മം എന്നതിന് അർത്ഥം എന്താണ്?"

ഞാൻ പറഞ്ഞു, "സ്വാമീ, സാരം."

പ്രഹ്ലാദൻ പറഞ്ഞത് തനിക്ക് വിദ്യയുടെ മർമ്മം അറിയാം എന്നാണ്, അതിന് അർത്ഥം അവന് വിദ്യയുടെ സാരം അറിയാം എന്നാണ്.

ബാബ അരുളി, "അല്ല. സാരം അല്ല അത്. അതൊരു രഹസ്യമാണ്. മർമ്മം എന്നതിനർത്ഥം വിദ്യയുടെ രഹസ്യം എന്നാണ്."

എന്നിട്ട് അവിടുന്ന് എന്നോടാവശ്യപ്പെട്ടു, “ഓ, അതേയോ, ഇനി എന്നോട് പറയൂ വിദ്യയുടെ രഹസ്യം എന്താണ്?” (*ചിരി*)

എന്താണ് ഞാൻ പറയുക? “സ്വാമീ, എന്റെ ഓർമ്മയിലുള്ളതൊഴികെ മറ്റ് യാതൊന്നും എനിക്ക് അറിഞ്ഞുകൂടാ. അവിടുന്ന് അരുളിയിട്ട് എനിക്ക് ശ്രവിക്കാനും പരിഭാഷപ്പെടുത്താനും ഇടയായതൊഴികെ മറ്റൊന്നും എനിക്ക് അറിഞ്ഞുകൂടാ. എനിക്കെന്തു ചെയ്യാനാവും, സ്വാമീ?”

അവിടുന്ന് അരുളി, “അതിൽ തെറ്റൊന്നുമില്ല. നിനക്കറിയാവുന്നത് പറയൂ. കേൾക്കട്ടെ!” ഞാൻ സംസാരിക്കണമെന്നുതന്നെ അവിടുന്ന് നിർബന്ധിച്ചു.




“ശരി, സ്വാമീ, ഞാൻ അവിടുത്തെതന്നെ കവിത ഉദ്ധരിക്കാം. ഒരിക്കൽ അവിടുന്ന് അരുളി: ‘ലോകത്തെ സകല പുണ്യഗ്രന്ഥങ്ങളുടെയും സാരം ഒരൊറ്റ വാചകത്തിലൊതുക്കാം. വിദ്യയുടെ സാരം അതാണ്. എന്താണത്? എല്ലാവരിലും കുടികൊള്ളുന്നത് ഒരേ ആത്മാവാണ്. നിങ്ങളുടെ ഉള്ളിലുള്ള ആത്മാവുതന്നെയാണ് ഓരോരുത്തരുടെയും ഉള്ളിലുള്ളത്. ഇതാണ് വിദ്യയുടെ സാരം.’ ഓ സ്വാമീ, എത്ര ലളിതമാണ്!”

അപ്പോൾ സ്വാമി വീണ്ടും കൂട്ടിച്ചേർത്തു, “ശരി! നിനക്കറിവുള്ളത് പറയുന്നതിന് നീയെന്തിന് മടിക്കുന്നു? നിനക്ക് ശരിയെന്ന് തോന്നുന്നത് പറയുന്നതിന് നീയെന്തിനാണ് പേടിക്കുന്നത്? ശരിയായ മറുപടിയാണ് നീ പറഞ്ഞത്.”

## സമത്വത്തിലേക്കുള്ള പാത ആത്മാന്വേഷണം

അപ്പോൾ സ്വാമി ആരാഞ്ഞു, ‘‘കോളേജിൽ എന്തായിരുന്നു വിശേഷം?’’

‘‘സ്വാമീ, കോളേജിൽ ഞങ്ങൾക്ക് ഒരു സിമ്പോസിയമുണ്ടായിരുന്നു.’’

അപ്പോൾ അവിടുന്ന് ചോദ്യങ്ങൾ ചോദിക്കാനാരംഭിച്ചു, ‘‘സിമ്പോസിയം എന്താണ്?’’

‘‘സ്വാമീ, സിമ്പോസിയം എന്നാൽ ഒരൊറ്റ വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകൾ, വിവിധ വീക്ഷണങ്ങൾ വ്യത്യസ്ത അവതാരകർ അവതരിപ്പിക്കുന്ന ഒരു പ്രവർത്തനം, ഒരു പ്രക്രിയ ആണ്. വിഷയം ഒന്നേ ഉണ്ടാവൂ. ഒരൊറ്റ വിഷയത്തെക്കുറിച്ച് പല ആളുകൾ വ്യത്യസ്ത കാഴ്ചപ്പാടുകൾ, വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.’’



*ഉന്നതവിദ്യാഭ്യാസത്തിലെ മൂല്യവിന്യാസം-പൂർണചന്ദ്ര ഓഡിറ്റോറിയത്തിലെ നാഷണൽ സിമ്പോസിയം 1987 സെപ്തം.24-26 .ഡോ.ഇ.സി.ജി. സുദർശൻ ആദ്ധ്യക്ഷം വഹിക്കുന്നു*

സ്വാമി പറഞ്ഞു, ‘‘അല്ല, നിനക്ക് തെറ്റിപ്പോയി. ശരി, ഇനിയും, ഇനിയും?’’ (*ചിരി*)

‘‘അപ്പോൾ സ്വാമീ, സിമ്പോസിയം മറ്റെന്താണ്?’’

അപ്പോൾ സ്വാമി അരുളിച്ചെയ്തു, "നിനക്ക് തെറ്റി. സിമ്പോസിയം എന്നത് വിഭജനമല്ല. നീ പറഞ്ഞത് ഒരേ വിഷയത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ എന്നാണ്. നിനക്ക് തെറ്റിപ്പോയി. വൈരുദ്ധ്യമല്ല സിമ്പോസിയം. സിമ്പോസിയം എന്നത് ഐക്യമാണ്. സിം(S-y-m) എന്നാൽ, 'ഒരുമ'. 'സിമ്പോസിയം' എന്നാൽ ആളുകൾ ഒരുമിക്കുന്നിടം. നീ പറഞ്ഞതുപോലെ, അവർ കലഹിക്കുന്നിടം അല്ല. (*ചിരി*)

"ഓ അങ്ങനെയോ, സ്വാമീ, അതു ശരി."

ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

## ആത്മാന്വേഷണം മാത്രമാണ് സമത്വത്തിലേക്കുള്ള മാർഗം

"സ്വാമീ, ഞാനെന്താണ് ചെയ്യേണ്ടത്? ഈ സമത്വബോധം അനുഭവിക്കാനായി ഞാൻ എന്തു പരിശീലനമാണ് ചെയ്യേണ്ടത്?"

എന്നിട്ട്, ഞാൻ സ്വാമിയെ പ്രകോപിപ്പിച്ച്, ഈ വിഷയത്തിൽ അവിടുന്ന് സംസാരിക്കുന്നതിനായി, എനിക്ക് തിരിച്ച് കുറച്ചുകൂടി 'പ്രഹരങ്ങൾ' കിട്ടുന്നതിനായി, (*ചിരി*)കുറേക്കൂടി കാര്യങ്ങൾ പറഞ്ഞു.

"സ്വാമീ, ആളുകൾ പറയുന്നത് ജപം അഥവാ തപസ്സ്, ധ്യാനം, പൂജ അഥവാ ആരാധന, പ്രാർത്ഥന ഇവ സമത്വം നേടുന്നതിനുള്ള വ്യത്യസ്ത മാർഗങ്ങളാണെന്നാണ്, വ്യത്യസ്ത ആദ്ധ്യാത്മികചര്യകളാണെന്നാണ്. ഇതിലേതാണ് ഞാൻ പിന്തുടരേണ്ടത്?"

സ്വാമി പറഞ്ഞു, "ഇതൊന്നുമല്ല." (*ചിരി*)

"ഇതൊന്നുമല്ല?"

"അതെ."

"സ്വാമീ, അപ്പോൾ ഞാനെന്താണ് ചെയ്യേണ്ടത്?" (*ചിരി*)

ബാബ പറഞ്ഞു, ''അന്വേഷണം, അന്വേഷണത്തിന്റെ മാർഗം: നിങ്ങളുടെ ആത്മാവിനോട് ചോദിക്കുക, ''ഞാൻ ആരാണ്?'' ഞാൻ ശരീരമല്ല, ഞാൻ മനസ്സല്ല, ഞാൻ ബുദ്ധിയുമല്ല. ഞാൻ ആത്മാവാകുന്നു.''

''ആത്മാന്വേഷണം മാത്രമാണ് സമത്വം നേടാനുള്ള ഒരേയൊരു വഴി.'' ഇതാണ് ബാബ അരുളിയത്.

പക്ഷേ ആ വേളയിൽ നിശ്ശബ്ദനായി ഇരിക്കാൻ ഞാനാഗ്രഹിച്ചില്ല. ''അപ്പോൾ, സ്വാമീ, ധ്യാനം കൊണ്ട് പ്രയോജനമില്ല എന്നാണോ അവിടുന്ന് ഉദ്ദേശിക്കുന്നത്? പൂജയൊക്കെ പാഴ്വേലയാണെന്നാണോ അവിടുന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നത്? അപ്പോൾ എനിക്കിതൊക്കെ നിർത്താമോ?''

അപ്പോൾ ബാബ പറഞ്ഞു, ''വേണ്ട. ഇതെല്ലാം നിന്നെ ആത്മാന്വേഷണത്തിന് യോഗ്യനാ




ക്കിത്തീർക്കുന്നതിനുള്ള പ്രക്രിയകളാണ്.''

ഞാൻ പറഞ്ഞത് വ്യക്തമായെന്നു കരുതുന്നു. ധ്യാനംകൊണ്ട്, നിങ്ങളുടെ മനസ്സ് ഏകാഗ്രത വളർത്തും, അത് നിങ്ങളെ ആത്മാന്വേഷണത്തിന് സഹായിക്കും. ആരാധനകൊണ്ട്, നിങ്ങളുടെ മനസ്സ് ശുദ്ധമാവുന്നു, ആത്മാന്വേഷണത്തിന് യോഗ്യമാവുന്നു. അതുകൊണ്ട്, നാം പിന്തുടരുന്ന മാർഗങ്ങളൊക്കെ ഉള്ളിലേക്ക് തിരിയുന്നതിനും ആത്മാന്വേഷണപാതയിലൂടെ മുന്നേറുന്നതിനും വേണ്ട നിലം തയ്യാറാക്കുന്നു, മനസ്സിനെ ഒരുക്കുന്നു. അതാണ് ബാബയുടെ സവിശേഷത എന്ന് നിങ്ങൾ മനസ്സിലാക്കണം. അവിടുന്ന് ഒരു

കാര്യം അരുളുന്നു; അതേ സമയം, അവിടുന്ന് മറ്റൊരു കാര്യം നിഷേധിക്കുകയുമില്ല. ആനന്ദത്തിനായി അവയും ആവശ്യമാണ്. അതാണ് ഭഗവാൻ ബാബ. ഞാൻ പറഞ്ഞത് വ്യക്തമായെന്നു കരുതുന്നു.

അതിനാൽ, ഈ ആത്മാന്വേഷണം വളരെ ആവശ്യമാണ്. എന്നാൽ അതിനായി, ധ്യാനം, ഭജന ഒക്കെ ആവശ്യമുണ്ട്. അവ നിങ്ങളെ സജ്ജരാക്കുന്നു, അവ നിങ്ങളെ യോഗ്യരാക്കുന്നു. ഇതാണ് ഭഗവാൻ അരുളിയത്.

## ജ്ഞാനമാർഗത്തിൽ ഭക്തിയും കർമവും ഉണ്ട്

“സ്വാമീ, അതിശയകരം!” എന്നിട്ട്,



The followers of *jnana yoga* consider the whole universe as the manifestation of God. Believing that Divinity resides in all beings in the form of *Atma*, is called *Jnana*.





“സ്വാമീ, എനിക്ക് ഒരു ചോദ്യം കൂടിയുണ്ട്.”

“എന്താണ്?”

“സ്വാമീ, ആളുകൾ പറയുക അന്വേഷണമാർഗം ജ്ഞാനമാർഗം ആണ്, അതാണ് ഏറ്റവും മഹനീയം എന്നൊക്കെയാണ്. അത് ആദ്ധ്യാത്മികതയുടെ പരമോന്നത തലമാണ്. ഞാൻ ആ വഴിയേ പോയാൽ മാത്രം മതിയോ, എന്തുകൊണ്ടെന്നാൽ അത് പരമോന്നതമാ

ണല്ലോ? ഒരിക്കലും നിൽക്കാത്ത വിമാനയാത്രയാണത്. ബോംബെയിലോ ഫ്രാങ്ക്ഫർട്ടിലോ എന്തിന് മാറിക്കയറണം? അതിന്റെ ആവശ്യമില്ല. നേരേ പറക്കാം! അതു കൊണ്ട്, സ്വാമീ, ഞാൻ ജ്ഞാനയോഗത്തിന്റെ പാതയായ ജ്ഞാനമാർഗത്തിലൂടെ നേരേ പോയാൽ പോരേ? ആളുകൾ പറയുന്നത് അതാണ് ഏറ്റവും ഉത്കൃഷ്ടം എന്നാണ്.''

ബാബ പറഞ്ഞു, ''വേണ്ട, നിനക്ക് വീണ്ടും തെറ്റി. ജ്ഞാനമാർഗത്തിൽപ്പോലും, കർമ്മം ഉണ്ട്. അതിൽ ഭക്തിയും ഉണ്ട്. ജ്ഞാനമാർഗത്തിൽപ്പോലും, ഇവ രണ്ടുമുണ്ട്.''

കർമ്മം ഇല്ലെങ്കിൽ കേവലജ്ഞാനം വസ്തുതകളുടെ സമാഹാരം, അറിവ്(knowledge) മാത്രമായിരിക്കും. ഭക്തി ഇല്ലെങ്കിൽ കേവലജ്ഞാനം നിങ്ങളെ ഗർവു(arrogant)ള്ളവരാക്കും. അതുകൊണ്ട്, ജ്ഞാനം അതിന്റെ പൂർണത കൈവരിക്കണമെങ്കിൽ, സഫലീകൃതമാവണമെങ്കിൽ, ഭക്തിയും കർമ്മവും ഒപ്പം വേണം. അതാണ് ഭഗവാൻ അരുളിയത്.

## ആദ്ധ്യാത്മികതയിൽ ഉയർന്ന നിലയോ താണ നിലയോ ഇല്ല

ഏതായാലും, മറ്റൊരു പ്രശ്നം ഉന്നയിക്കുന്നതിന് ഞാൻ ആഗ്രഹിച്ചു.

''സ്വാമീ, ഈ ചോദ്യം ചോദിക്കുന്നതിന് എന്നോട് ക്ഷമിച്ചാലും. ആദ്ധ്യാത്മിക അനുഷ്ഠാനങ്ങളിൽ അഥവാ സാധനയിൽ ഏറ്റവും മികച്ചതേത് എന്ന് എനിക്ക് പറഞ്ഞുതരുമോ? ഏതാണ് ഏറ്റവും അനുയോജ്യമായത്? മറ്റുള്ളവയേക്കാൾ ഉന്നതമായത് ഏതാണ്?'' (എന്തുകൊണ്ടെന്നാൽ, ജീവിതത്തിൽ ഔന്നത്യത്തിലെത്താൻ നാം ആഗ്രഹിക്കുന്നു, നിങ്ങൾക്കറിയാമല്ലോ, അതാണ് ഞാൻ തിരക്കിയത്, ''ഏതാണ് ഏറ്റവും മികച്ചത്? ദയവായി എന്നോട് പറഞ്ഞാലും'' എന്ന്)

ബാബ പറഞ്ഞു, ''ആദ്ധ്യാത്മികതയിൽ, ഒരാൾ ഉയർന്ന തലത്തിലാണെന്നോ മറ്റൊരുവൻ താണ തലത്തിലാണെന്നോ ഇല്ല എന്നത് എല്ലായ്പോഴും ഓർമ്മിക്കുക. ഉയർന്ന തലം, താണ തലം, അങ്ങനെയൊന്നുമില്ല. ഉയർന്നത്, താണത് എന്നതൊക്കെ ലൗകികവ്യവഹാരത്തിൽ, ലൗകികാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന മത്സര, താരതമ്യ പദങ്ങളാണ്. പക്ഷേ, ആദ്ധ്യാത്മികതയിൽ ഉന്നതമെന്നോ നീചമെന്നോ ഇല്ല. ഉയർന്ന തലം, താണ തലം, ഇങ്ങനെയൊന്നുമില്ല. എല്ലാം ഒരുപോലെയാണ്. ഇതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്.''

“സ്വാമീ, ഞാനിത് എങ്ങനെ അറിയും? ഞാൻ ഒരു കസേരയിൽ ഇരിക്കുന്നതുകൊണ്ട് എന്റെ വിചാരം ഞാൻ മറ്റുള്ളവരേക്കാൾ ഉയരെയാണ് എന്നാണ്.” (*ചിരി*)

അപ്പോൾ ബാബ പറഞ്ഞു, “നിങ്ങൾ മുട്ടോളം വെള്ളത്തിൽ നിൽക്കുകയാണെങ്കിൽ നിങ്ങൾക്ക് എല്ലാവരെയും കാണുകയും സംസാരിക്കുകയും ചെയ്യാം. നിങ്ങൾ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുകയാണെങ്കിലും അപ്പോഴും നിങ്ങൾക്ക് എല്ലാവരോടും സംസാരിക്കാം. നിങ്ങൾ സ്വയം വെള്ളത്തിൽ മുങ്ങിപ്പോവുകയാണെങ്കിലോ, നിങ്ങൾക്ക് ആരുമായും ഒന്നും സംസാരിക്കാനാവില്ല. (*ചിരി*) ഇതേപോലെ, **പരമാനുഭവം മൗനമാണ്. ഉയർന്നതെന്നും താണതെന്നും ഒക്കെ നിങ്ങൾ സംസാരിക്കുന്നിടത്തോളം, നിങ്ങൾക്ക് ഒന്നും ലഭ്യമായിട്ടുണ്ടാവില്ല. നിങ്ങൾ യാതൊരു തരത്തിലുള്ള താരതമ്യവും കൂടാതെ മൗനിയായി ഇരിക്കുമ്പോൾ, നിങ്ങൾ നിശ്ശബ്ദരായി ഇരിക്കുമ്പോൾ, അത് സമത്വത്തിന്റെ, ഏകതയുടെ, ഒരുമയുടെ സാഫല്യമാണ്.**” ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

## ആത്മാന്വേഷണത്തിനു ശേഷം, ഞാൻ എന്തായിത്തീരും?

“ഇനി മറ്റൊരു ചോദ്യം, സ്വാമീ.”

“ശരി, എന്താണത്?”

“സ്വാമീ, ഇതൊക്കെ വളരെ നല്ലത്. ആത്മാന്വേഷണത്തിനു ശേഷം, ആത്മസാക്ഷാത്കാര ( realising the Self)ത്തിനുശേഷം, എനിക്ക് എന്താവും സംഭവിക്കാൻ പോവുന്നത്?” (*ചിരി*) എം.എസ്.സി. കിട്ടിയതിനു ശേഷം എന്തു സംഭവിക്കും? നിങ്ങളൊരു ലക്ചറർ ആവും. പി.എച്ച്.ഡി കിട്ടിയതിനു ശേഷം, എന്തു സംഭവിക്കും? നിങ്ങളൊരു പ്രഫസർ ആവും. അതുപോലെ, ആത്മാന്വേഷണത്തിനു ശേഷം, എനിക്കെന്താണ് സംഭവിക്കാൻ പോവുന്നത്? ഇതിനു ശേഷം ഞാൻ ആരാവാനാണ് പോകുന്നത്?”

ബാബ ചിരിച്ചുകൊണ്ട് അരുളി, “നീ ആരുമായിത്തീരാൻ പോവുന്നില്ല. (*ചിരി*) ആയിത്തീരാൻ ഒന്നുമില്ല താനും.” (*ചിരി*)



"ഓ അതേയോ. സ്വാമീ, അതെങ്ങനെ?"

ബാബ അരുളി, "കൽക്കണ്ടം കൊണ്ടുണ്ടാക്കിയ ഒരു തത്ത കടലിന്റെ ആഴമറിയാനായി കൊതിച്ചു എന്നിരിക്കട്ടെ. അങ്ങനെ, ഈ തത്ത, കൽക്കണ്ടം കൊണ്ടുണ്ടാക്കപ്പെട്ടത്, മെല്ലെ സമുദ്രത്തിന്റെ അരികിലേക്ക് നീങ്ങി, അതിനെത്ര ആഴമുണ്ടെന്നറിയാനായി സമുദ്രത്തിനുള്ളിലേക്ക് മുങ്ങാങ്കുഴിയിട്ടു. അങ്ങനെ പരതിക്കൊണ്ടിരിക്കുന്നതിനിടയിൽ, അത് അലിഞ്ഞുതീർന്നു.

ഇതേപോലെ, **ആത്മാന്വേഷണപ്രക്രിയയ്ക്കിടയിൽ, നിങ്ങൾ വിസ്മൃതരാവുന്നു; നിങ്ങൾ പൊയ്പോവുന്നു. നിങ്ങൾ ബൃഹത് പ്രപഞ്ചവുമായി ഒന്നാവുന്നു. നിങ്ങൾ അനന്തവുമായി ചേരുന്നു. നിങ്ങളും വിശ്വവും ഒന്നായിത്തീരുന്നു. 'എനിക്കിതു കിട്ടി, എനിക്കതു കിട്ടി; ഞാൻ ഇതായിത്തീർന്നു, ഞാൻ അതായിത്തീർന്നു' എന്നൊക്കെ പറയാനായി നിങ്ങൾ വേറിട്ടു നിൽക്കില്ല. അതുകൊണ്ട്, 'എനിക്കിതു കിട്ടി, ഞാൻ അതായിത്തീർന്നു' എന്നൊക്കെ പറയുന്നവർക്ക് അജ്ഞാനമല്ലാതെ മറ്റൊന്നും കിട്ടിയിട്ടില്ല."**

നാമിത് വളരെ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്.

## പരിമിതമായതിന് അപരിമിതമായതിനെ എങ്ങനെ അറിയാൻ?

അപ്പോൾ ഞാൻ ചോദിച്ചു, "സ്വാമീ, ഒരു ചോദ്യം, ദയവായി. എന്നോട് ക്ഷമിച്ചാലും, സ്വാമീ. ഭജൻവേള വളരെ അടുത്തു എന്ന് എനിക്കറിയാം, പക്ഷേ ഈ ചോദ്യം വീണ്ടും ഉന്നയിക്കാൻ എനിക്ക് അവസരം കിട്ടുമോയെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട്, ഈ അവസരം കൈക്കലാക്കാൻ എന്നെ അനവദിച്ചാലും."

"സ്വാമീ, ആത്മാവ് അപരിമിതമാണ്. ഞാൻ പരിമിതനാണ്. ഈശ്വരത്വം അത്രമേൽ ബൃഹത്തും അതിരില്ലാത്തതുമാണ്. ഞാൻ അതിരുള്ളവനാണ്. എങ്ങനെയാണ് അതിരുള്ളവന് അതിരില്ലാത്തതിനെ അറിയാനാവുക? എങ്ങനെയാണ് പരിമിതമായതിന് അപരിമിതമായതിനെ അറിയാനാവുക? അത് സാദ്ധ്യമാണോ സ്വാമീ? എങ്ങനെ?"

ബാബ അരുളി, "അതിരുള്ളവനു മാത്രമേ അതിരില്ലാത്തതിനെ അറിയാനാവുകയുള്ളൂ. പരിമിതമായതിനു മാത്രമേ അനന്തമായതിനെ അറിയാനാവുകയുള്ളൂ, എന്തുകൊണ്ടെ

ന്നാൽ അനന്തമായത്(infinite) അനന്തമായതിനെ അറിയുക എന്ന ചോദ്യമേ ഉദിക്കുന്നില്ല. അനന്തം ഏകമാണ്. അതുകൊണ്ട്, നിങ്ങളുടെ മനസ്സ് പരിമിതമാണ്, എന്നാൽ ആത്മാവ്(Self) അനന്തമാണ്. പരിമിതമായ അഥവാ അതിരുള്ള മനസ്സിന്റെ സഹായത്താൽ, നിങ്ങൾക്ക് അപരിമിതവും നിസ്സീമവുമായതിനെ അറിയാനാവണം.''

അതിനാൽ, പരിമിതമായതിന്റെ സഹായത്തോടെ, നിങ്ങൾക്ക് അനന്തതയെ അറിയാൻ കഴിയും. പരിമിതമായ മനസ്സ്, അനന്തമായ ആത്മാവിനെ അനുഭവിക്കുന്നതിന് പ്രാപ്തമാവണം. ഇതാണ് ഭഗവാൻ അരുളിച്ചെയ്തത്.

## സ്പന്ദനവും ആന്തരധ്വനിയും

''സ്വാമീ, ഇക്കാലത്ത് നിരവധി ആളുകൾ രണ്ട് സുപ്രധാന പദങ്ങൾ ഉപയോഗിക്കുന്നുണ്ട്, എനിക്കവ മനസ്സിലാകുന്നില്ല, അതിൽ യുക്തിയും തോന്നുന്നില്ല. എന്നാൽ, പരസ്യമായി എനിക്കീ രണ്ടു പദങ്ങളെ തള്ളിക്കളയാനാവുന്നില്ല, എന്തുകൊണ്ടെന്നാൽ ഞാൻ ഇക്കാര്യങ്ങളെപ്പറ്റി അജ്ഞനാണെന്ന് അവരെക്കൊണ്ട് തോന്നിപ്പിക്കണമെന്ന് എനിക്കില്ല. ചുരുങ്ങിയ പക്ഷം ഞാനൊരു വിവേകിയായ മനുഷ്യനാണ് എന്നെങ്കിലും എനിക്ക് നടിക്കേണ്ടി വരുന്നു, വാസ്തവം അതല്ലെന്നു വരികിലും. ഈ വാക്കുകളുടെ അർത്ഥമോ അനുഭവമോ എനിക്കില്ല. അവ എന്താണെന്ന് വിശദീകരിച്ചുതരുമോ, സ്വാമീ?''




സ്വാമി പറഞ്ഞു, ''ആ രണ്ട് വാക്കുകൾ ഏതൊക്കെയാണ്? എന്നോട് പറയൂ.''

''ഒരെണ്ണം 'സ്പന്ദനം(vibration)'. രണ്ടാമത്തേത് 'ആന്തരധ്വനി(inner voice)'. ആളുകൾ ഈ രണ്ട് പദങ്ങൾ പറയുന്നു, സ്പന്ദനവും ആന്തരധ്വനിയും. എനിക്ക് അറിയണമെന്നുണ്ട് സ്വാമീ, ഈ ആന്തരധ്വനി ഓരോരുത്തരിലും ഉണ്ടോ, അതോ ഇത് കുറച്ച് ആളുകളുടെ മാത്രം സ്വത്താണോ?''

ചില ആളുകൾ പറയും, ''സ്വാമി ഇത് എന്നോട് ഉൾവിളിയായി പറഞ്ഞതാണ്.''

''അവിടുന്ന് എന്നോടിത് എന്തുകൊണ്ടാണ് പറയാത്തത്? എന്തുകൊണ്ടാണ് അവിടുന്ന് നിങ്ങളോട് പറയാത്തത്? നിങ്ങൾക്കു മാത്രമേ ഈ ഉൾവിളിയുള്ളൂ, എനിക്ക് ഉൾവിളി

യില്ല, പുറംവിളി(outer noise)യേ ഉള്ളൂ എന്ന് നിങ്ങൾ കരുതുന്നുവോ? അവിടുന്നെന്താണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്?

ഇനി, ആളുകൾ അവരുടെ താമസം മാറ്റുന്നത് നാം കാണുന്നു. എന്തുകൊണ്ട്? "എനിക്ക് നല്ല സ്പന്ദനങ്ങൾ(good vibrations) കിട്ടുന്നില്ല." (*ചിരി*)

"ഓ അതേയോ. നിങ്ങൾക്കീ സ്പന്ദനങ്ങൾ കിട്ടുമ്പോൾ, എനിക്കവ അനുഭവിക്കാനാവാത്തത് എന്തുകൊണ്ടാണ്? നിങ്ങൾക്ക് സ്പന്ദനങ്ങളുണ്ട്, ഞാൻ സ്പന്ദനരഹിതനാണ്. താങ്കൾ ഉൾവിളിയുടെ മാസ്റ്ററാണ്, എനിക്കോ കുറച്ച് ഉൾവിളിയേ ഉള്ളൂ. ഇതെല്ലാം എന്താണ് സ്വാമീ? എനിക്ക് മനസ്സിലാവുന്നില്ല. ദയവായി ഇതിന്റെ അർത്ഥം എനിക്ക് വിശദീകരിച്ചുതന്നാലും."




സ്വാമി ലളിതമായ രീതിയിൽ വിശദീകരിച്ചുതരികയുണ്ടായി. നിങ്ങളത് ശരിക്കും മനസ്സിലാക്കണമെന്നും ആസ്വദിക്കണമെന്നും ഞാൻ ആഗ്രഹിക്കുകയാണ്, എന്തുകൊണ്ടെന്നാൽ ആരുംതന്നെ ഇത്തരം മറുപടി തന്നിട്ടില്ല.

അവിടുന്ന് പറഞ്ഞത്, ശരീരത്തിന് ഇന്ദ്രിയങ്ങളുണ്ട്. ഇത് ആദ്യത്തെ തലമാണ്, ഇതിനെ നാം 'ബോധം'(Conscious) എന്നു വിളിക്കുന്നു. 'ബോധതലം' എന്നാൽ, ഇന്ദ്രിയസഹിത മായ ശരീരം. നാം ഓരോരുത്തരിലും ദൈവികത്വമുണ്ട്. ജീവാത്മാവാണ് നിങ്ങൾ 'പ്രജ്ഞ'(conscience) എന്നു വിളിക്കുന്നത്. ഇനി, ബാബ പറയുന്നത് 'ബോധ'വും 'പ്രജ്ഞ'യും തമ്മിൽ ബന്ധിപ്പിക്കുന്ന ചരടാണ് സ്പന്ദനം(vibration) എന്നാണ്. അതു കൊണ്ട്, 'ബോധ'ത്തിന്റെയും 'പ്രജ്ഞ'യുടെയും, ഇതിനർത്ഥം ശരീരവും ജീവാത്മാവും തമ്മിലുള്ള, സംഗമബിന്ദുവിലാണ് സ്പന്ദനം ഉളവാകുന്നത്. അവിടെയാണ് നിങ്ങൾക്ക് ഈ സ്പന്ദനങ്ങൾ ഉണ്ടാകുന്നത്.




"അപ്പോൾ, ആന്തരധ്വനിയോ, സ്വാമീ?"

"പറയാം, ആദ്യം നീ ഇത് മനസ്സിലാക്കൂ."

"സ്വാമീ, എനിക്ക് മനസ്സിലായി. ഇനി, എന്താണ് ആന്തരധ്വനി?"

"ജീവാത്മാവ്(individual soul) മന:സാക്ഷി(Conscience)യാണ്, ഒ.കെ? അതേസമയം, വിശ്വാത്മാവ്(cosmic or Univeral soul) 'പ്രജ്ഞ'(Consciousness) യാകുന്നു. മന:സാക്ഷി യും പ്രജ്ഞയും തമ്മിലുള്ള ബന്ധനച്ചരട് ആന്തരധ്വനിയാകുന്നു."

"ഓ അപ്പോൾ എന്റെ കാര്യത്തിൽ ഒരു ആന്തരധ്വനിയും, ഉൾവിളിയും ഇല്ലാത്ത തെന്തുകൊണ്ടാണ്? അത് ഞാനെങ്ങനെ മനസ്സിലാക്കണം?"

ഭഗവാൻ പറഞ്ഞു, "നീ ജീവാത്മാവിനെ വിശ്വാത്മാവുമായി ബന്ധിപ്പിച്ചിട്ടില്ല."

"അതെങ്ങനെയാണ് സ്വാമീ?"

“ഒരു ടംബ്ലർ നിറയെ വെള്ളം എടുക്കുക. ശരി. അത് പുറത്തേക്ക് കളയുക! ടംബ്ലർ നിറയെയുള്ള വെള്ളം സമുദ്രത്തിലേക്ക് ഒഴിക്കുക. എന്ത് സംഭവിക്കും? ഈ ജലവും സമുദ്രജലവും ഒന്നായിത്തീരും. അതുപോലെ, ജീവാത്മാവ്(conscience) വിശ്വാത്മാവുമായി(Univeral soul) ഒന്നാവുമ്പോൾ, ആ മേളനത്തിൽ, നിനക്ക് ഉൾവിളി ശ്രവിക്കാം. നീ നിന്നെത്തന്നെ പരിമിതപ്പെടുത്തിയിരിക്കുന്നതു കൊണ്ടാണ്, ടംബ്ലറിലെ വെള്ളം പോലെ, നീ ബോധതലത്തിൽത്തന്നെ തുടരുന്നത്. നീ പ്രജ്ഞാതലത്തിലേക്ക്(Consciousness level) പോയിട്ടില്ല. അതുകൊണ്ടാണ് നിനക്ക് ആന്തരധ്വനി കേൾക്കാനാവാത്തത്. ഇത് വ്യക്തമായോ? നിനക്ക് സ്പന്ദനങ്ങൾ അനുഭവിക്കാനാവാത്തതിനു കാരണം ശരീരത്തെ, ബോധത്തെ മന:സാക്ഷിയുമായി, ജീവാത്മാവുമായി ബന്ധിപ്പിക്കാത്തതുകൊണ്ടാണ്.”






**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)